



വായനക്കാരന്റെ ധാർഷ്ട്യത്തെ അട്ടിമറിക്കുന്ന എഴുത്തിന്റെ നൈരന്തര്യം - പലയിടത്തും കഥാപാത്രങ്ങളിലൂടെ പരകായപ്രവേശം നടത്തുന്ന എഴുത്തുകാരൻ - ഭൂതവും വർത്തമാനവും ഇടകലർന്ന ആഖ്യാനത്തിൽ ഇടവരമ്പുകളില്ലാതെ കലർന്നു കിടക്കുന്ന യുക്തിയും ഭാവനയും- 'ശ്രാദ്ധശേഷ'ത്തിൽ അക്ഷരങ്ങൾ ഒഴുകുകയാണ്.

# ശ്രാദ്ധശേഷം

# ഓർമ്മകളുടെ കാലിഡോസ്ക്കോപ്പ്

ഡോ. എം.ഹേമമാലിനി



**നോ**വലിനു, കഥ പറച്ചിലി നു ചില പരമ്പരാഗതമായ ചിട്ടവട്ടങ്ങളുണ്ട് എന്നാണ് സങ്കല്പം. കാലാകാലങ്ങളിൽ കാല്പനികതയും ആധുനിക തയും അത്യന്താധുനികതയും ആഖ്യാനതന്ത്രങ്ങളിൽ നവം നവങ്ങളായ പരീക്ഷണങ്ങൾ നടത്തിയിട്ടുണ്ട്. 'എന്നെന്നും പുതുപുതുകഥകൾ കേൾക്കാനിഷ്ടപ്പെടുന്ന ഭാര്യക്കു വേണ്ടി പുതിയ രീതിയിൽ എഴുതിയ' ലക്ഷണമൊത്ത പ്രഥമ നോവലിൽ നിന്നും നോവലിൽ കഥ തെരയുക എന്ന വ്യർത്ഥതയെ ബോധ്യപ്പെടുത്തുന്ന നോവ ലിന്റെ പുതുരൂപങ്ങളെ മലയാളനോവൽ വായന

ക്കാർ പരിചയപ്പെട്ടു കഴിഞ്ഞു. "എന്തും കുത്തി നിറയ്ക്കാവുന്ന കീറച്ചാക്ക്' എന്ന് നോവലിനു എഴുത്തുകാർ തന്നെ നൽകിയ നിർവചനത്തിനു പുതിയ മാനങ്ങളായി. നോവലിന്റെ വിപുലമായ കാൻവാസ് കേവലം കഥയ്ക്കപ്പുറം ചരിത്രകഥാ ന്ത്യങ്ങളുടെ നിലപാടു തറകളായി മാറി. സ്ത്രീ, പ്രകൃതി, കീഴാളൻ എന്നിങ്ങനെ, നിലനിൽക്കുന്ന ദ്വന്ദ്വങ്ങളിലെ ദ്വിതീയ സ്ഥാനീയരുടെ ഭാഷ്യങ്ങളെ ആവിഷ്ക്കരിക്കാനുള്ള ശക്തമായൊരു മാധ്യ മായി നോവൽ മാറുന്നതിനു ഈ നൂറ്റാണ്ട് സാ ക്ഷ്യം വഹിച്ചു. ഇത്തരം ആവിഷ്കാരങ്ങൾക്കുള്ള അധിക ഊർജ്ജത്തിനായി പലരും പല സങ്കേത ങ്ങളെയാണ് സമീപിച്ചത്. ചരിത്രം നൽകുന്ന പിൻബലങ്ങൾ മിത്തുകളുടെയും പുരാവൃത്തങ്ങ



ളുടെയും മായികതകൾ, ഭ്രമാത്മകതയുടെ മാസ്മ രിതകൾ, തത്ത്വാദർശങ്ങളുടെ കരുത്ത് - ഇവയെല്ലാം ഇങ്ങനെ ഉപയോഗിക്കപ്പെട്ട സങ്കേതങ്ങളിൽ ചിലതുമാത്രം.

ഒരു കടുത്ത വേനലിലാണ് ശ്രീ. കെ.വി. മോഹൻകുമാറിന്റെ 'ശ്രാദ്ധശേഷം' വായിക്കുന്നത്. വായനക്കാരന്റെ ധാർഷ്ട്യത്തെ അട്ടിമറിക്കുന്ന എഴുത്തിന്റെ നൈരന്തര്യം - പലയിടത്തും കഥാപാത്രങ്ങളിലൂടെ പരകായപ്രവേശം നടത്തുന്ന എഴുത്തുകാരൻ - ഭൂതവും വർത്തമാനവും ഇടകലർന്ന ആഖ്യാനത്തിൽ ഇടവരമ്പുകളില്ലാതെ കലർന്നു കിടക്കുന്ന യുക്തിയും ഭാവനയും- 'ശ്രാദ്ധശേഷ'ത്തിൽ അക്ഷരങ്ങൾ ഒഴുകുകയാണ്. ഭ്രമം/സത്യം, യുക്തി/ഭാവന, ആത്മീയത/ ലൈംഗികത ഇങ്ങനെ ഒട്ടേറെ വൈരുദ്ധ്യങ്ങളുടെ സംഘട്ടനങ്ങളിലൂടെ നീങ്ങുന്ന നോവലിൽ കഥാപാത്രങ്ങളുടെയും എഴുത്തുകാരന്റെയും സ്ഥായിഭാവമാകട്ടെ നിസ്സംഗതയും.

കാതകാലത്തിൽ ഒളിഞ്ഞിരുന്നു പാടുന്ന പക്ഷിയെ തേടിയുള്ള യാത്ര എന്ന മുന്നുരയിൽ, ജീവിതത്തിന്റെ ലക്ഷ്യാർത്ഥങ്ങളെ വ്യാഖ്യാനിക്കുന്നിടത്തു നിന്നാണ് 'ശ്രാദ്ധശേഷം' ആരംഭിക്കുന്നത് - ഒരു യാത്രയുടെ അവസാനത്തിൽ നിന്ന്. ഇങ്ങനെ തുടങ്ങുന്നതും ഒടുങ്ങുന്നതുമായ ഒട്ടേറെ യാത്രകളുടെ തുടരുകൾ കൂട്ടിക്കെട്ടിയാണ് ശ്രാദ്ധശേഷമാകുന്നത്.

ഉണ്ണിക്കിടാത്തി എന്ന അപർണ്ണയുടെ വീട്ടിലേക്കുള്ള തിരിച്ചുവരവിൽ നിന്ന് നോവൽ ആരംഭിക്കുന്നു. എല്ലാവരെയും അറിഞ്ഞ് എന്നാൽ ആരാലും തിരിച്ചറിയപ്പെടാതെ പ്രത്യക്ഷമായ ഒരു അജ്ഞാതവാസത്തിന്റെ രഹസ്യ സുഖത്തിൽ ഉണ്ണിക്കിടാത്തിയുടെ സ്മൃതി - യാഥാർത്ഥ്യങ്ങളിലൂടെ നോവൽ നീങ്ങുന്നു. അതുകൊണ്ട് നോവൽ പലപ്പോഴും സ്വപ്നജല്പനങ്ങളും, ആത്മഭാഷണങ്ങളുമാകുന്നു. ആസ്വാദകമനസ്സുകളെക്കുറിച്ച് വേവലാതികളേതുമില്ലാതെ ഈ ഓർമ്മകൾ നോവലിൽ പെയ്തിറങ്ങുകയാണ്.

അപർണ്ണയുടെ ഓർമ്മകളിലൂടെ പണ്ട് വീട് വിട്ടുപോകേണ്ടിവന്ന സാഹചര്യം പരാമർശിക്കപ്പെടുന്നുണ്ട്. അനാഥത്വം, നാഥയായ ജ്യേഷ്ഠത്തി ദുർഗ്ഗയുടെ അപഥസഞ്ചാരങ്ങൾ ഇവ നൽകിയ അരക്ഷിതത്വം അപർണ്ണയുടെ യാത്രകൾക്കു ഹേതുവാകുന്നു. ഇത്തരത്തിലുള്ള വിട്ടുപോകലുകളും വർഷങ്ങൾക്കു ശേഷമുള്ള തിരിച്ചുവരവുകളും ഒരുക്കുന്ന വികാരസാന്ദ്രമായ മുഹൂർത്തങ്ങൾ മലയാളനോവലുകളിൽ ധാരാളമുണ്ട്. അതിലെല്ലാം കഥാകാരന്മാർ തിരോധാനത്തിന്റെ കാര്യകാരണങ്ങൾ യുക്തിഭദ്രമാക്കി യാത്രയുടെ ലക്ഷ്യവും ലക്ഷ്യസാധ്യത്തിനുശേഷമുള്ള മടക്കയാത്രയും സുഗമമാക്കുകയാണ് പതിവ്. അനുഭവങ്ങളുടെ തീച്ചൂളകൾ മാത്രം സമ്പാദ്യമായി ഹതാശരായി തിരിച്ചുവന്നവരും ഉണ്ട്. രണ്ട് വിധത്തിലായാലും ലാഭനഷ്ടങ്ങളുടെ കണക്കുകൾ എവിടെയെങ്കിലും പൊരുത്തപ്പെട്ടു പോകുന്നുണ്ട്. ഇതിൽനിന്നു വ്യത്യസ്തമായി പിന്നീട് ആധുനികരാണ് കഥാപാത്രങ്ങളുടെ കാര്യകാരണങ്ങളുടെ കെട്ടുപാടുകളിൽ നിന്നു വിമോചിപ്പിച്ച് സഞ്ചാര സ്വാതന്ത്ര്യം നൽകിയത്. അവരാരും തന്നെ തിരിച്ചുവന്നിട്ടുമില്ല.

'ശ്രാദ്ധശേഷ'ത്തിൽ ഇവയുടെയെല്ലാം സങ്കലനമാണ് കാണാൻ സാധിക്കുക. വീടുപേക്ഷിക്കേണ്ടിവന്നതിലെ ദൈന്യയാഥാർത്ഥ്യങ്ങളും ഓരോ ഇടത്താവളങ്ങളും നൽകുന്ന പുത്തൻ അനുഭവങ്ങളും നോവൽഘടനയ്ക്കു റിയലിസത്തിന്റെയും ഫാന്റസിയുടെയും രൂപഭാവങ്ങൾ നൽകുന്നു. അപർണ്ണയുടെ ഇടത്താവളങ്ങളിൽ ആശ്രമങ്ങളുണ്ട്. അവിടങ്ങളിലെ വിഭൂതിയുടെ പുകമറയ്ക്കുള്ളിൽ ആധ്യാത്മികതയും, ലൗകികതയും തമ്മിലുള്ള സംഘർഷങ്ങളുടെ നിഗൂഢതകളുണ്ട്. ലക്ഷ്യമില്ലാതെ അലഞ്ഞുതിരിഞ്ഞ വനാന്തരങ്ങളിൽ അപർണ്ണയ്ക്കു ആകസ്മികമായി കിട്ടിയ കൂട്ടുകാരൻ അപർണ്ണയ്ക്കു ചുറ്റും വരച്ചിടുന്ന കൂട് എന്ന ചട്ടക്കൂടും അയാൾക്കുള്ള കാല്പനികമായ കാത്തിരിപ്പും നോവലിലുണ്ട്. നീക്കുപോക്കില്ലാതെ ആദർശങ്ങളുടെ പ്രഖ്യാപനങ്ങളുമായി പത്രമാഫീസിൽ നിന്നുള്ള ഇറങ്ങിവരവ് അപർണ്ണ എന്ന കഥാപാത്രത്തിന്റെ ചിത്രം പൂർത്തിയാക്കുന്നു.

ഇതെല്ലാം അപർണ്ണയുടെ ഓർമ്മകളിലൂടെയാണ് ഇതൾവിരിയുന്നത്. ഓർമ്മകളിലൂടെയുള്ള തിരിച്ചുപോക്കുകൾ ഏവരുടേയും പ്രത്യേകിച്ച് കാല്പനികരുടെ പ്രിയതരമായ രീതിയാണ്. ഈ ഓർമ്മകൾ ഒരിക്കലും നേർരേഖകളാകണമെന്നില്ല. ഇന്നലെയും ഇന്നും തമ്മിൽ ഇടകലരുന്നതും സ്വാഭാവികമാണ്. ബോധാബോധങ്ങളുടെ തിരകളിലും ഓളങ്ങളിലുമായി ഒഴുകി നീങ്ങുന്ന ഓർമ്മകളുടെ ഉറവുകളുടെ സൗന്ദര്യത്തെ 'അരനാഴിക നേരം' മുതൽ ഇങ്ങോട്ട് പലയിടത്തും കണ്ടിട്ടുണ്ട്. എന്നാൽ ബാലകൗമാരങ്ങളുടേതായ ഓർമ്മകളെ വിവരിച്ചുപോകുമ്പോൾ കാലപ്പഴക്കത്താൽ മിത്തിന്റെ രൂപഘടന ലഭിച്ച ചരിത്രവസ്തുതകളും ഓർമ്മകളെന്ന നാട്യത്തിൽ കഥാകാലത്തിലെ അപർണ്ണയുടെ മനോനിലകളെയും ഇടകലർത്തി 'ശ്രാദ്ധശേഷം' ഇതരനോവലുകളിൽ നിന്നു വ്യതിരിക്തമാകുന്നു.

ഭൂതഭാവിരഹസ്യങ്ങളുടെ ഗ്രന്ഥവരികളും ഇരുട്ടും പതിയിരിക്കുന്ന മച്ചുകളും ഒരു വാതിലിനപ്പുറം കടലിലേക്കു തുറക്കുന്ന രഹസ്യ വാതിലുകളും ആസക്തിയുടെ ഫണം നിവരുന്ന കാവുകളും രഹസ്യസംഗമങ്ങൾക്കു തണലേകുന്ന ഉന്മത്ത സുഗന്ധപൂമെത്ത വിരിക്കുന്ന വൃക്ഷങ്ങളും അനേകം ശരപ്പക്ഷികൾ കൂട്ടുകെട്ടിയ അപർണ്ണയുടെ വീട്ടിലേക്കു അവൾ തിരിച്ചെത്തുന്നത് നര



**ആത്മീയതയും ഭൗതികതയും തമ്മിലുള്ള സംഘർഷങ്ങൾ നോവലിലെ പ്രധാന ഘടകമാണ്. ജാരസന്ദർശനങ്ങൾ പതിതയാക്കിയ ദുർഗ്ഗയെ ദേവതയാക്കി പ്രതിഷ്ഠിക്കുന്ന വൈരുദ്ധ്യത്തിലൊതുങ്ങുന്നതല്ല ഈ സംഘർഷം. സ്വന്തം രാശിചക്രങ്ങൾ ഇച്ഛകളുടെ, കാമനകളുടെ മേൽ വിലങ്ങുകൾ തീർത്തപ്പോൾ ഗന്ധർവ/മായിക പരിവേഷങ്ങൾ സൃഷ്ടിച്ച് ആ വിലങ്ങുകളെ മറികടക്കാൻ ശ്രമിക്കുന്ന തന്ത്രമായിരുന്നു ദുർഗ്ഗ പ്രയോഗിച്ചത്.**

കണ്ടു പരിചയിച്ച ഇതരകഥാപാത്രങ്ങളെപ്പോലെ ഗൃഹാതുരമായ ഒരു മനസ്സോടെയല്ല, മാത്രമല്ല കേവലം ഒരു വീടായല്ല നോവലിൽ അതു വായിക്കപ്പെടേണ്ടത്. ഒട്ടേറെ സംശയങ്ങളും അന്വേഷണങ്ങളും നിഴലും നിലാവും വിരിക്കുന്ന അപർണ്ണയുടെതന്നെ മനസ്സിന്റെ വിപുലീകരണമാണ് ഈ ഇടം. മറ്റൊരു തരത്തിൽ നോവലിന്റെ ഭൂമിക കഥാപാത്രത്തിന്റെ ബോധാബോധങ്ങളുടെ സഞ്ചയമാകുന്നു. ഇങ്ങനെ ഒരു തലം സൃഷ്ടിച്ചെടുത്തതുകൊണ്ട് വിദൂരഭൂതകാലത്തിലെ തീർത്തും ഭ്രമാത്മകമായ സംഗതികളെ ഇന്നിന്റെ യാഥാർത്ഥ്യങ്ങളോട് പൊരുത്തപ്പെടുത്താൻ കഴിഞ്ഞു എന്നതാണ് ഈ കാലത്തിൽ 'ശ്രാദ്ധശേഷ'ത്തിനുള്ള പ്രസക്തി.

ചരിത്രത്തിലെ ചാന്നാൻ, ഭൂതകാലത്തിലെ/ ഓർമ്മയിലെ ദുർഗ്ഗ വർത്തമാനകാലത്തിലെ കണ്യാൻകോഴി എന്നിങ്ങനെയുള്ള കഥാപാത്രങ്ങളും അവരുടെ രീതികളുമാണ് പ്രധാനമായും നോവലിനു ഭ്രമാത്മകമായ തലം നൽകിയിരിക്കുന്നത്. ഇതിൽ അപർണ്ണയുടെ തിരിച്ചുവരവിൽ കണ്ടുമുട്ടാൻ സാധിക്കുന്നതു കണ്യാൻ കോഴി മാത്രമാണ്. മറ്റുള്ളവർ ഭ്രാന്തെന്നു വിളിക്കുന്ന അയാളുടെ പ്രവചനങ്ങൾ സമൂഹത്തിന്റെ നേർക്കാഴ്ചകളാകുന്നു. ഉന്മാദത്തിന്റെയും സുബോധത്തിന്റെയും നേർത്ത ഇടവരമ്പിൽ വച്ച് അയാൾ മാത്രം അപർണ്ണയെ തിരിച്ചറിയുന്നു. തുടർന്ന് അപർണ്ണയ്ക്കുപോലും അജ്ഞാതമായിരുന്ന അവളുടെ ആഗമനോദ്ദേശ്യത്തെ അയാൾ വെളിപ്പെടുത്തുന്നു. ചാന്നാന്റെ ചരിത്രകഥയാകട്ടെ ദേശചരിത്രംതന്നെയാണ്. നോവലിന്റെ അവസാനഭാഗങ്ങളിലെത്തുമ്പോൾ പ്രതിഷ്ഠയാക്കി മാറുന്ന തരത്തിൽ അത്രയേറെ അമാനുഷികമായ ഒരു തലത്തിലാണ്

ദുർഗ്ഗയെ ഇതരകഥാപാത്രങ്ങൾക്കുള്ളിൽ ബോധ്യ
പ്പെടുത്തിയിരിക്കുന്നത്. അമാനുഷികതയുടെയും
ഭ്രമാത്കതയുടെയും പുകമഞ്ഞു വകഞ്ഞുമാറ്റി
യാൽ സാധ്യമാകുന്ന ചില വായനകളുണ്ട്. അനി
ഷേധ്യമായ ഊരാളശബ്ദങ്ങൾക്കു മേൽ ന്യായ
ത്തിനുവേണ്ടിയുള്ള കീഴാളന്റെ മരണശബ്ദം,
അജ്ഞാതവും അദൃശ്യവുമായ നക്ഷത്രവിന്യാസ
ങ്ങളുടെ പേരിൽ നിത്യകന്യകയാകാൻ വിധിക്ക
പ്പെടുന്ന പെൺകുട്ടികളുടെ വൈകാരിക
വിസ്ഫോടനങ്ങൾ, നേരു പറയുന്നവനെ അയാ
ളുടെ അപ്രിയസത്യങ്ങളെ ഉന്മാദമാക്കുന്ന സാമൂ
ഹ്യവ്യവസ്ഥിതി - ഇതെല്ലാം വരികൾക്കിടയിലെ
വായനകൾ നൽകുന്ന അറിവുകൾ.

ആത്മീയതയും ഭൗതികതയും തമ്മിലുള്ള
സംഘർഷങ്ങൾ നോവലിലെ പ്രധാന ഘടകമാ
ണ്. ജാരസന്ദർശനങ്ങൾ പതിതയാക്കിയ ദുർഗ്ഗയെ
ദേവതയാക്കി പ്രതിഷ്ഠിക്കുന്ന വൈരുദ്ധ്യത്തിലൊ
തുങ്ങുന്നതല്ല ഈ സംഘർഷം. സ്വന്തം രാശിച
ക്രങ്ങൾ ഇച്ഛകളുടെ, കാമനകളുടെ മേൽ വില
ങ്ങുകൾ തീർത്തപ്പോൾ ഗന്ധർവ/മായിക പരിവേ
ഷങ്ങൾ സൃഷ്ടിച്ച് ആ വിലങ്ങുകളെ മറികടക്കാൻ
ശ്രമിക്കുന്ന തന്ത്രമായിരുന്നു ദുർഗ്ഗ പ്രയോഗിച്ച
ത്. ഇത്തരം അതിതരണങ്ങൾ ഏതു മനുഷ്യ
ന്റേയും സ്വാഭാവികചോദനകളാണെന്നതാണ്
നോവൽ മുന്നോട്ടുവയ്ക്കുന്നത്. പരുത്ത കാഷാ
യങ്ങളെക്കൊണ്ട് അവയെ മറക്കാനോ മറ
യ്ക്കാനോ ശ്രമിക്കുന്നതിലെ ഫലശൂന്യതയെക്കു
റിച്ച് നോവലിസ്റ്റിനു സംശയങ്ങളില്ല. അതുകൊണ്ട്
ആത്മാനന്ദനെന്ന മഹായോഗി തന്റെ ജീവാത്മാ
വിന്റെ മോചനത്തിനായി അതുവരെ നിയന്ത്രിച്ചു
നിർത്തിയ ആസക്തികളെ സ്വതന്ത്രമാക്കുവാൻ
നിർബന്ധിതനാകുന്നു. അതിനുള്ള ഉപകരണമാ
കുക എന്ന നിയോഗം അപർണ്ണയ്ക്കും. മനുഷ്യ
ജീവിതത്തിൽ രതിയുടെ സ്വാധീനതയും പ്രസ
ക്തിയും ഉൾക്കൊള്ളുന്നതുകൊണ്ട് അപർണ്ണ ആ
നിയോഗവുമായി ഒത്തുതീർപ്പിലെത്തുന്നു. അതു
കൊണ്ടാണ് യോഗി തന്റെ തുടർജന്മങ്ങളിലും
അപർണ്ണയോട് സ്വപ്നദർശനങ്ങളിലൂടെ സംവദി
ക്കുന്നതായി അവൾക്കു തോന്നുന്നത്. ഭൗതികത
യുടെ ഈ അംഗീകരണത്തിന്റെ മറ്റൊരു തലമാണ്
അപർണ്ണയുടെ സുഹൃത്തും സാക്ഷ്യപ്പെടുത്തുന്ന
ത്. സഞ്ചാരമെന്ന മാന്ത്രികതയിൽ ഒതുങ്ങിപ്പോയ
സുഹൃത്ത് യാത്രകളിലെ ചില അനുഭവങ്ങളിലൂടെ
കൂട് - താവളം - കുടുംബം എന്ന സ്ഥാപനം -
എന്നതിലേക്ക് എത്തിപ്പെടുന്നു. എന്നാൽ കഥാ
ന്ത്യത്തിൽ ആരംഭത്തിന്റെ അനിശ്ചിതത്വം ബാക്കി
യാകുന്നു. ഇവിടെ നോവലിസ്റ്റ് നിയോഗത്തിന്റെ,
നക്ഷത്രഗ്രഹരാശികളുടെ അപ്രതിരോധ്യമായ
തീർപ്പുകളെ വകവച്ചുകൊടുക്കുകയാണ്. വൈകാ
രികമായ പക്ഷപാതങ്ങളേതുമില്ലാതെ പത്രപ്ര
വർത്തകന്റെ ശേഷിപ്പായി ലഭിച്ച നിസ്സംഗതയിൽ
വിഭ്രമാത്മകമായ ഒരു കഥ കുറേ ചോദ്യങ്ങളെ

81



ഉപധ്വനി

**നവകഥാപതിപ്പ്**

ആസ്വാദകമനസ്സുകളിലേക്കെറിഞ്ഞിട്ട് പറഞ്ഞുപോകുകയാണ് നോവലിസ്റ്റ്. തീർപ്പുകളോ പൂർണ്ണവിരാമങ്ങളോ നൽകാനാകാത്ത ജീവിതത്തിന്റെ/കാലത്തിന്റെ അന്വേഷണവും ഓർമ്മപ്പെടുത്തലുമായി ഈ ഗ്രന്ഥത്തെ വായിച്ചെടുക്കാം. ഒഴുകിക്കൊണ്ടേയിരിക്കുന്ന ഭാഷയും കഥാഗതിയിലെ ചാക്രികതയും കഥാവസാനത്തിലും തുടരുന്ന നൈരന്തര്യവും ബോധ്യപ്പെടുത്തുന്നത് മറ്റൊന്നല്ല.

ഹരിതധന്യമായ ഒരു ശൈലി നൈപുണ്യം കൊണ്ട് കേവലതയെ വിശേഷഭാഷ ചാരുതയുടെ സ്നിഗ്ദ്ധതയിലേക്കു ഉയർത്താൻ നോവലിസ്റ്റിനു കഴിഞ്ഞിട്ടുണ്ട്.

രൂപകങ്ങളുടെ ലയഭാവപൂർത്തീകരണം കഥാഘടനയുടെ ആത്മാവുമായി താരതമ്യപ്പെടുന്നു, എന്നതുകൊണ്ട് ആവർത്തിക്കുന്ന ബിംബങ്ങളും രൂപകങ്ങളും അനുവാചകനിൽ വിരക്തിയുണ്ടാക്കുന്നില്ല.

എഴുത്തിന്റെ ഒരു കടൽക്കാഴ്ചയല്ല ഭാഷയുടെ അടിതെളിഞ്ഞ സൂര്യവേഗങ്ങൾ കൊണ്ട് നെയ്തെടുത്തതാണ് ഓർമ്മകളുടെ കാലിഡോസ്ക്കോപ്പാകുന്ന ഈ ഗ്രന്ഥത്തിന്റെ ഉടൽ.